20.2.79-ലെ ബോർഡിന്റെ അസാധാരണയോഗം പരിഗണിക്കുകയും ഗവാളിയോർ റയോൺസിനെതിരെ പ്രോസിക്യൂഷൻ നടപടികൾ എടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഹൗസിംഗ് കോളനികൾ

*488 [518] ശ്രീ. കെ.എസ്. തങ്കം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ എല്ലാ പഞ്ചായത്തുകളിലും ഓരോ ഹൗസിംഗ് കോളനികൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇങ്ങനെയൊരു പദ്ധതിയെ സംബന്ധിച്ച് ആലോചിക്കാമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) എല്ലാ പഞ്ചായത്തുകളിലും ഓരോ ഹൗസിംഗ് കോളനി ആരംഭിക്കാൻ ഹൗസിംഗ് ബോർഡിന് ഉദ്ദേശമുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നഗരസഭയ്ക്ക് പരിധി നിശ്ചയിക്കുന്ന നിയമം

*489 [515] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭയ്ക്ക് പരിധി നിശ്ചയിക്കുന്ന നിയമം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത്?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഈ വിഷയം പരിഗണനയിൽ ആണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഓവർസീസ് ഡവലപ്മെന്റ് ആൻറ് എംപ്ലോയ്മെന്റ് കൺസൽട്ടൻറ് ലിമിറ്റഡ്

*490 [516] ശ്രീ. കെ. സുകുമാരനുണ്ണി :
,, കെ. പി. നൂറുദ്ദീൻ:
,, സി. പി. ഗോവിന്ദൻനമ്പ്യാർ:
,, എൻ. പി. മൊയ്തീൻ:
,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓവർസീസ് ഡവലപ്മെന്റ് ആൻറ് എംപ്ലോയ്മെന്റ് കൺസൽട്ടൻസ് ലിമിറ്റഡ് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം എന്താണ്;

(ബി) കേരളത്തിൽനിന്നും അയച്ചവർക്കെല്ലാം തൊഴിൽ ലഭിച്ചുവോ; ഇല്ലെങ്കിൽ എത്ര പേർക്ക്;

LIBRARY ARCHIVES Kerala Legislative Assembly